ക്ലാസ്സ്
7

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പേര്, വീട്ടുപേര് :

ഇടവക :

പാർട്ട് 1

പൂരിപ്പിക്കുക. **6×1=6**

1. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം ..... ആണ്.

2. ബസ്സിൽ യാത്ര ചെയ്തശേഷം പണം കൊടുക്കാതിരിക്കുന്നത് ..... പ്രമാണത്തിന്റെ ലംഘനമാണ്.

3. മാമ്മോദീസായിലൂടെ ദൈവമക്കളായി തീരുന്ന നമുക്ക് സഭയിലൂടെ ദൈവം നൽകുന്ന പേരാണ്

   .....

4. മാതാപിതാക്കളും മക്കളും സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന കുടുംബങ്ങളാണ്

   .....

5. ജീവന്റെ ഉടമസ്ഥൻ ..... ആണ്.

6. സ്ത്രീയോ പുരുഷനോ ആയിരിക്കുക എന്നതാണ് .....യുടെ അടിസ്ഥാനം.

ചേരുംപടി ചേർക്കുക. **6×1=6**

7.	ആഴ്ചതോറുമുള്ള ഈസ്റ്റർ	ജനുവരി 6
8.	ക്രിസ്തുമസ്	വിശ്രമിക്കുക
9.	ദുക്റാന	ഡിസംബർ 25
10.	ദനഹാതിരുനാൾ	ജൂലൈ 3
11.	സ്വർഗ്ഗാരോപണ തിരുനാൾ	ഞായറാഴ്ച
12.	സാബത്ത്	ആഗസ്റ്റ് 15

ശരി (✓) അല്ലെങ്കിൽ തെറ്റ് (✗) അടയാളപ്പെടുത്തുക. **6×1=6**

13. കള്ളസത്യം പറയുന്നതും ആണയിടുന്നതും പാപമല്ല. ☐
14. പരസ്പരമുള്ള കടമകൾ പാലിക്കുകയെന്നത് നീതിയുടെ അടിസ്ഥാന തത്വമാണ്. ☐
15. വിദ്വേഷത്തോടെയോ ദുരുദ്ദേശ്യത്തോടെയോ ബോധപൂർവ്വം നടത്തുന്ന മനുഷ്യവധമാണ് ദയാവധം. ☐
16. വിവാഹത്തിനു പുറമെയുള്ള എല്ലാ ലൈംഗിക ബന്ധങ്ങളും ലൈംഗിക വിശുദ്ധിക്കെതിരായ തിന്മയാണ്. ☐
17. കുടുംബങ്ങളുടെയും വ്യക്തികളുടെയും വിശുദ്ധീകരണമാണ് ആറാം പ്രമാണത്തിന്റെ ഉദ്ദേശ്യം. ☐
18. സൃഷ്ടവസ്തുക്കൾ ന്യായമായ രീതിയിൽ സ്വന്തമാക്കാനും അനുഭവിക്കാനും വ്യക്തികൾക്ക് അവകാശമുണ്ട്. ☐

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

19. പഴയ നിയമ ഉടമ്പടിയുടെ കാതൽ എന്തായിരുന്നു?

20. പ്രത്യാശ എന്നാൽ എന്ത്?

21. ഈശോ എങ്ങനെയാണ് ദൈവത്തെ അഭിസംബോധന ചെയ്തത്?

22. ആറുദിവസം കൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം ദൈവം വിശ്രമിച്ചതിനെ സൂചിപ്പിക്കുന്ന വിശുദ്ധ ഗ്രന്ഥഭാഗം എഴുതുക.

23. ജീവൻ സംരക്ഷിക്കുന്നതിനുള്ള രണ്ട് മാർഗ്ഗങ്ങൾ ഏവ?

24. 'പൊതുസ്വത്ത്' എന്നത് എന്താണെന്ന് വിശദമാക്കുക.

25. നീതിയെക്കുറിച്ച് വിശുദ്ധ തോമസ് അക്വീനാസ് പറയുന്നതെന്ത്?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **4×4=16**

26. ഒന്നാം പ്രമാണത്തിലൂടെ ദൈവം നമ്മോടാവശ്യപ്പെടുന്ന പ്രധാനകാര്യങ്ങൾ ഏവ?

27. കല്പനകൾ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു?

28. പ്രകൃതിയെ ശരിയായി ഉപയോഗിക്കാനും സംരക്ഷിക്കാനും നമുക്ക് കടമയുണ്ട്. വിശദമാക്കുക.

29. ദൈവനാമം എന്നതുകൊണ്ട് പഴയ നിയമത്തിൽ എന്താണ് ഉദ്ദേശിക്കുന്നത്?

ഒരു ഖണ്ഡികയിൽ (Paragraph) **ഉത്തരമെഴുതുക.** **1×5=5**

30. ലൈംഗിക വിശുദ്ധി പാലിക്കാൻ സഹായകമായ അഞ്ചുകാര്യങ്ങൾ എഴുതുക.

വിശദീകരിച്ച് ഉത്തരമെഴുതുക. (ഒരു പേജിൽ കവിയാതെ) **1×7=7**

31. മാതാപിതാക്കളും മക്കളും സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന കുടുംബങ്ങളാണ് ഉത്തമ കുടുംബങ്ങൾ. നാലാം പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കളുടെയും മക്കളുടെയും കടമകൾ വിശദീകരിക്കുക.

പാർട്ട് 2

ശരിയായവ പദപ്പെട്ടിയിൽനിന്നും തിരഞ്ഞെടുക്കുക. **4×1=4**

1. വി. അൽഫോൻസാമ്മയുടെ വിശുദ്ധ പദവി

2. വി. കുര്യാക്കോസ് ഏലിയാസ് ചാവറയുടെ തിരുനാൾ ദിനം

3. വി. മദർ തെരേസയുടെ തിരുനാൾ ദിനം

4. വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനം

- **ജനുവരി 3**
- **സെപ്റ്റംബർ 5**
- **2008 ഒക്ടോബർ 12**
- **ആഗസ്റ്റ് 15**
- **ആഗസ്റ്റ് 29**
- **ജൂലൈ 28**

ഉത്തരമെഴുതുക. **4×1=4**

5. ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥത്തിന് ബൈബിൾ എന്ന പേര് നൽകിയതാര്?

6. ബൈബിളിൽ ആകെ എത്ര പുസ്തകങ്ങളുണ്ട്?

7. ആദ്യമായി എഴുതപ്പെട്ട സുവിശേഷം ഏത്?

8. ക്രിസ്തു ഏറ്റവും അധികം ഉദ്ധരിച്ചിട്ടുള്ള പഴയനിയമഗ്രന്ഥം?

വചനം പൂർത്തിയാക്കാം. **2×2=4**

9. “നിങ്ങൾ ..... ആലയമാണെന്നും ദൈവാത്മാവ്

..... വസിക്കുന്നവെന്നും നിങ്ങൾ അറിയുന്നില്ലേ?”

10. “നിങ്ങൾ എന്റെ ..... പിതാവിനോട്

ചോദിക്കുന്നതെന്തും അവിടുന്ന് .....നൽകും.”

11. ‘പരിശുദ്ധ രാജ്ഞി’ എന്ന ജപം എഴുതുക. **4**

12. നസ്രാണികളുടെ ഭരണക്രമത്തെക്കുറിച്ച് 4 കാര്യങ്ങൾ എഴുതുക. **4**